LIBRARY ARCHIVES Kerala Legislative Assembly

കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചെറുപ്പ് ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി

157 [1633] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധാരാളം രോഗികളെത്തുന്ന കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ചെറുപ്പ് ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റുകളടക്കം വേണ്ടത്ര ഡോക്ടർമാരെ നിയമിക്കുവാനും അതിന്റെ പ്രവർത്തനം സുഗമമാക്കാനും സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ ഹെൽത്ത് സെന്ററിൽ നിലവിലുള്ള ഡോക്ടർമാരുടെ മൂന്ന് തസ്തികകളിലും ആളെ നിയമിച്ചിട്ടുണ്ട്. ഇവിടുത്തെ പ്രവർത്തനം സുഗമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകൾ

158 [1634] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഇപ്പോൾ എത്ര ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ആശുപത്രിയിൽ നിലവിൽ രണ്ട് അസിസ്റ്റന്റ് സർജൻമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. അതിൽ ദിവസവേതന വ്യവസ്ഥയിൽ ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. സ്റ്റാഫ് നേഴ്സിന്റെ ഒരു ഒഴിവും ഉണ്ട്.

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഡോ. ടി. എൻ. രാജേന്ദ്രന്റെ സ്ഥലംമാറ്റം റദ്ദാക്കാൻ നടപടി

159 [1635] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ടി. എൻ. രാജേന്ദ്രൻ എന്ന ഗൈനക്കോളജിസ്റ്റിനെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ നിന്നും സ്ഥലംമാറ്റിയത് എന്നാണ്; സ്ഥലംമാറ്റത്തിന് ആധാരമായ കാര്യങ്ങൾ എന്തെല്ലാമാണ്;